# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കീഴ്മാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി5)1730/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 02/12/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കീഴ്മാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഇ.കെ.എം(പി5)1730/22 തീയ്യതി: 02/12/2022

## എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 14-09-2022 | 22-09-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-09-2022 | 22-09-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ടെസ്സി എം, ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ കെ വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
പ്രസാദ് പി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ടിനു കെ ജെ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സതി ലാലു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ബിനി ഐപ്പ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 11-04-2022 |
| ശ്രീമതി അംബിക കെ പി | സെക്രട്ടറി | 12-04-2021 | 07-08-2021 |
| ശ്രീമതി ശ്രീവിദ്യ വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-08-2021 | 16-08-2021 |
| ശ്രീമതി ബിനി ഐപ്പ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-08-2021 | 22-08-2021 |
| ശ്രീമതി അംബിക കെ പി | സെക്രട്ടറി | 23-08-2021 | 23-09-2021 |

| | | | |
|---|---|---|---|
| ശ്രീ സി മണികണ്ഠൻ | സെക്രട്ടറി | 24-09-2021 | 08-11-2021 |
| ശ്രീമതി ബിനി ഐപ്പ് | സെക്രട്ടറി-**ഇൻ-ചാർജ്ജ്** | 09-11-2021 | 18-11-2021 |
| ശ്രീ സുധീരൻ എം എസ് | സെക്രട്ടറി | 19-11-2021 | 01-01-2022 |
| ശ്രീമതി ബിനി ഐപ്പ് | സെക്രട്ടറി-**ഇൻ-ചാർജ്ജ്** | 02-01-2022 | 09-01-2022 |
| ശ്രീ നവാസ് ബി നെടിയത്ത് | സെക്രട്ടറി | 10-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബിനി ഐപ്പ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ അരുൺകുമാർ കെ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 15-01-2022 |
| ശ്രീമതി സീന കെ എ | അസിസ്റ്റന്റ് എഞ്ചിനിയർ | 16-01-2022 | 23-01-2022 |
| ശ്രീ അരുൺകുമാർ കെ എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 24-01-2022 | 31-03-2022 |
| ശ്രീമതി ജീന | കൃഷി ഓഫീസർ | 01-04-2021 | 18-12-2021 |
| ശ്രീ അരുൺ പോൾ | കൃഷി ഓഫീസർ | 19-12-2021 | 31-03-2022 |
| ഡോ.ബബിത മാത്യൂ | വെറ്റിനറി സർജൻ | 01-04-2021 | 17-11-2021 |
| ഷെഹർബാൻ പി എം | വെറ്റിനറി സർജൻ | 18-11-2021 | 31-03-2022 |
| ഡോ.ലിസ്യൂക് സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2021 | 31-03-2022 |
| ഡോ.മിനി കെ എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 11-10-2021 |
| ഡോ.മേരി കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 12-10-2021 | 31-03-2022 |
| ഡോ.മഹേഷ് പി യു | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി ഷജീന മൊയ്തീൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എടയപ്പുറം) | 01-04-2021 | 31-03-2022 |
| ശ്രീ മുഹമ്മദ് സിദ്ദീഖ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുട്ടമശ്ശേരി) | 01-04-2021 | 31-03-2022 |
| ശ്രീമതി അനിത എം ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ഉഷാകുമാരി | എച്ച്.എം - ഗവ.യു.പി സ്കൂൾ | 01-04-2021 | 31-03-2022 |
| ശ്രീമതി സഹീറ എം എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | തനത് ഫണ്ട് അക്കൗണ്ട് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല. | 1-11 |
| 13 | പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ട കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി ഇളവ് നൽകി | 1-12 |
| 14 | വാണിജ്യ കെട്ടിടത്തിന് തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി കുറവായി നിർണ്ണയിച്ചു. | 1-13 |
| 15 | തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ | 1-14 |
| 16 | എസ് എസ് എൽ സി പരീക്ഷ വിജയിച്ച വ്യക്തിക്ക് പത്താം തരം തുല്യത പഠനത്തിനായി തുക ചെലവാക്കി | 1-15 |
| 17 | സർക്കാർ ഉത്തരവില്ലാതെ ആർജ്ജിതാവധി പണമാക്കി മാറ്റി | 1-16 |
| 18 | ഡയാലിസിസ് ചികിൽസാ സഹായം(പഞ്ചായത്ത് വിഹിതം)-ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടതിലും അധികം തുക നല്കി. | 1-17 |
| 19 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല- 103749 രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 20 | സൈറ്റിൽ ലഭ്യമല്ലാത്ത ഉപകരണങ്ങൾക്കായി കെൽട്രോണിന് മുൻകൂർ തുക നൽകി | 1-19 |
| 21 | ഡെപ്പോസിറ്റ് വർക്ക് - വർക്ക് പൂർത്തിയായതിന്റെ രേഖകൾ ഇല്ല | 1-20 |
| 22 | 43-ാം നമ്പർ അംഗൻവാടി നവീകരണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 1-21 |
| 23 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ട പൊതു ന്യൂനതകൾ | 1-22 |
| 24 | ഓഡിറ്റ് ഇംപാക്ട് | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (അക്കൗണ്ട്സ് പ്രകാരം) | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ട് | 4-8 |
| 9 | ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

25.03.2021 തീയതിയിലെ 1(1)ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 03.02.2022 തീയതിയിലെ 3(1) ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2021-2022 പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 3,94,40,614 | 18,27,18,291 | 22,21,58,905 | 18,95,74,577 | 3,25,84,328 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2021-2022 വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ് പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നില്ല.

| | 2021- 2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021- 2022 വാർഷിക ധനകാര്യപത്രിക ( ഇൻകം & എക്സ് പെൻഡിച്ചർ) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 18,27,18,291 | 20,14,05,345 | 1,86,87,054 |
| ചെലവ് | 18,95,74,577 | 18,41,82,572 | 53,92,005 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.7.2022 | 05.07.2022 |

## 1-2-1 വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ് വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. ചില പണമിടപാടുകൾ തെറ്റായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തിയതായി കണ്ടു. ആയതിനാൽ പ്രസതുത ഇനങ്ങളിലെ കണക്കുകൾ വാർഷിക ധനകാര്യപത്രികയിലെ ബന്ധപ്പെട്ട ഹെഡുകളുമായി പൊരുത്തപ്പെടുന്നില്ല. 330500201-secured Loan From KURDFC എന്ന ഹെഡിലെ മുൻബാക്കി ജേണൽ ചെയ്ത് തിരുത്തൽ വരുത്തിയിട്ടുണ്ട്. സോഴ്സ് ഡിഡക്ഷൻ ആയി ഈടാക്കിയ ലോൺതുകയും കണക്കിലെടുത്തപ്പോൾ തെറ്റ് സംഭവിച്ചിരുന്നു. ഇതും ജേണൽ ചെയ്ത് ശരിയാക്കിയിട്ടുണ്ട്. ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ലോൺ തിരിച്ചടവിന്റെ വിശദാംശങ്ങൾ പരിശോധിക്കാനായിട്ടില്ല. പണമിടപാടുകൾ ശരിയായ ഹെഡിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

4. സാംഖ്യ ACR ൽ വരാത്ത ഗ്രാന്റിനങ്ങളുടെ വരവ് ചെലവുകൾ രേഖപ്പെടുത്താൻ പ്രത്യേകമായി ഒരു ACR എഴുതി സൂക്ഷിക്കേണ്ടതാണ്.

5. എല്ലാ അക്കൗണ്ടുകളുടേയും പ്രതിമാസ റിക്കൺസിലിയേഷൻ നടത്തി തെറ്റായ അക്കൗണ്ടുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടില്ലെന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും, വേണ്ടിടത്ത് യഥാസമയം കറക്ഷൻ വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,32,83,794 |
| വരവ് | 12,53,00,002 |
| ആകെ | 15,85,,83,796 |
| ചെലവ് | 10,01,80,909 |
| നീക്കിയിരിപ്പ് | 5,84,02,887 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 55,40,003 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ( | 0 | 1,84,80,467 | 1,84,80,467 | 1,70,51,756 | 14,28,711 | 0 |
| വികസനഫണ്ട്- എസ്.സി.പി. | 0 | 73,42,000 | 73,42,000 | 66,55,333 | 6,86,667 | 0 |
| സംരക്ഷണഗ്രാന്റ്- റോഡ് | 0 | 1,25,72,000 | 1,25,72,000 | 1,00,49,756 | 25,22,244 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | 0 | 65,12,396 | 65,12,396 | 36,75,218 | 28,37,178 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic | 0 | 22,14,202 | 22,14,202 | 6,64,336 | 15,49,866 | 0 |
| Nill Tied | 0 | 53,51,313 | 53,51,313 | 34,71,432 | 18,79,881 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied- Bank | 0 | 58,07,000 | 58,07,000 | 12,53,208 | 0 | 45,53,792 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied- Bank | 0 | 39,06,810 | 39,06,810 | 46,16,558 | 0 | (-)709748 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- 320800115-TSC | 5,83,400 | 0 | 5,83,400 | 0 | 0 | 5,83,400 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ- അംഗൻവാടി പൂരക പോഷകാഹാരം- 320100121 | 2,44,496 | 12,96,764 | 15,41,260 | 12,86,200 | 0 | 2,55,060 |
| ശുചിത്വമിഷൻ ഫണ്ട്- 320200322 | 35,29,026 | 1,90,000 | 37,19,026 | 10,20,558 | 0 | 26,98,468 |
| സാക്ഷരത-320200309 | 49,293 | 1,344 | 50,637 | 0 | 0 | 50,637 |
| 320200301-വിമുക്തി | 33,290 | 0 | 33,290 | 0 | 0 | 33,290 |
| 320200305-എസ്.സ് .ആശ്രയ പുനരധിവാസഫണ്ട് | 11,42,500 | 0 | 11,42,500 | 0 | 0 | 11,42,500 |
| 320300199-ബഡ്സ് സ്കൂൾ ഫണ്ട് | 0 | 3,12,567 | 3,12,567 | 9,870 | 0 | 3,02,697 |
| 320200324-grant For Covid Pandemic | 0 | 16,23,175 | 16,23,175 | 16,23,175 | 0 | 0 |
| 320800202-donations For Epidemic Control | 0 | 1,00,000 | 1,00,000 | 1,00,000 | 0 | 0 |
| 320200399-ലൈഫ് മിഷൻl | 1,22,800 | 33,60,000 | 34,82,800 | 27,50,000 | 0 | 7,32,800 |

(1) Go പ്രോജക്റ്റ് പ്രകാരം (വികസനഫണ്ട് ജനറൽ) ചെലവഴിച്ച 2310533/- രൂപ വരവ് ചെലവ് കണക്കിൽ ഉൾപ്പെടുത്തിയില്ല.
(2) Go പ്രോജക്റ്റ് പ്രകാരം (വികസനഫണ്ട് എസ്.സി.പി) ചെലവഴിച്ച 440000/- രൂപ വരവ് ചെലവ് കണക്കിൽ ഉൾപ്പെടുത്തിയില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 195 | 15,45,55,893 | 160 | 7,41,24,266 | 4 | 35 | 80 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 14,839 | 6,62,856 | 6,77,695 | 6,77,540 | 155 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 1,57,06,250 | 1,57,06,250 | 1,57,06,250 | 0 |
| ആകെ | 14,839 | 1,63,69,106 | 1,63,83,945 | 1,63,83,790 | 155 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 43,43,200 | 296 |
| വിധവാപെൻഷൻ | 2,16,50,600 | 1442 |
| വാർദ്ധക്യകാലപെൻഷൻ | 4,49,31,500 | 32 04 |
| വി കലാംഗപെൻഷൻ | 63,05,300 | 415 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 4,33,200 | 27 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2022 ൽ 2.50 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13893/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവേ തൃപ്തികരമാണ്. എങ്കിലും താഴെ പറയുന്ന കാര്യങ്ങളിലേക്ക് കൂടി അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിലെ മുൻബാക്കിയിൽ വിവിധ ഡെപ്പോസിറ്റുകളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമല്ല.

3. പണമിടപാടുകൾ ശരിയായ അക്കൗണ്ട് ഹെഡുകളിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനമില്ല.

4. പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികളുടെ വിവരം ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

5. പദ്ധതി മോണിറ്ററിംഗ് ഫലപ്രദമായി നടത്തുന്നില്ല. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്തതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ഉറപ്പാക്കുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങിലൂടെ സാധ്യമാകുന്നത്. മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. വർക്കിംഗ് ഗ്രൂപ്പിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഒഴികെയുള്ള അംഗങ്ങളാണ് മോണിറ്ററിംഗ് ഗ്രൂപ്പായി പ്രവർത്തിക്കേണ്ടത്. ഓഡിറ്റ് വർഷത്തിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന സ്റ്റേറ്റ്മെന്റാണ് മോണിട്ടറിങ്ങ് റിപ്പോർട്ടായി പല പ്രോജക്റ്റുകളോടൊപ്പവും ചേർത്തിരിക്കുന്നത്. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തിയിട്ടില്ല.

6. സഞ്ചയ ഫോം 6 ൽ റോഡുകളുടെ വിവരം ശരിയായി ചേർക്കുന്നില്ല. പഞ്ചായത്തിലെ റോഡുകൾ ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല. ഉദാ: 18/21/D, 18/21/E, 18/21/F, 18/21/G, 18/21/H കെട്ടിട നമ്പറിലുള്ള ERAM Convention Centre ന്റെ വസ്തുനികുതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക്(10/18-9-2022) ടി ഓഡിറ്റോറിയത്തിലേക്കുള്ള റോഡ് 2016-17 ൽ ജില്ലാ പഞ്ചായത്ത് നിർമ്മിച്ച കോളക്കുഴി എന്ന റോഡാണെന്നും ടി റോഡ് ആസ്തി രജിസ്റ്ററിലും സഞ്ചയയിലും ഉൾപ്പെട്ടിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. പഞ്ചായത്തിലെ എല്ലാ പൊതുറോഡുകളുടേയും വിവരങ്ങൾ ആസ്തിരജിസ്റ്ററിൽ ചേർക്കേണ്ടതാണ്. സഞ്ചയ ഫോം 6 ൽ റോഡുകളുടെ വിവരം ശരിയായി ചേർത്ത് വസ്തുനികുതി നിർണ്ണയിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.01.2021 | മാർച്ച് 2020 മുതൽ സെപ്റ്റംബർ 2020 | 04/11/2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2015 | 2010-11 To 2014-15 | 20/10/2015 |

## 1-11 തനത് ഫണ്ട് അക്കൗണ്ട് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26-5-2011 ലെ 58725/എഫ്എം3/2008/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൌണ്ടുകൾ അഭികാമ്യമല്ലെന്നും, തനത് വരുമാനം ട്രഷറി അക്കൌണ്ടിന് പുറമെ ഒരു ദേശസാത്കൃത ബാങ്കിലോ സഹകരണ ബാങ്കിലോ മാത്രം നിക്ഷേപിക്കണമെന്നും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ കീഴ്മാട് ഗ്രാമപഞ്ചായത്തിൽ തൻവർഷം തനത്ഫണ്ട് വരുമാനം ഗൂഗിൾ പേ വഴി സ്വീകരിക്കുന്നതിന് ഫെഡറൽ ബാങ്കിൽ 16-2-2022 ൽ "Panchayat The President Keezhmad, Keezhmad Grama Panchayat" എന്ന പേരിൽ അക്കൗണ്ട് ആരംഭിക്കുകയും തനത് വരുമാനം ഇതിൽ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട് . ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31-3-2022 ൽ 543967 രൂപയും വാർഷിക ധനകാര്യ പത്രിക RP 40 B, B17 ഷെഡ്യൂളുകളിൽ ഹെഡ് - 450220101- FEDERAL BANK-Google Pay- പ്രകാരം 545856 രൂപയും Closing Balance ഉണ്ട്. റീകൺസിലിയേഷൻ പ്രകാരം Cheque Deposited Not Collected ൽ 2183 രൂപ ലഭിക്കാനുള്ളതായും Directly Credited By Bank ൽ 294 രൂപ അധികം ലഭിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ഈ അക്കൗണ്ടിൽ നിന്നും നാളിത് വരെ പണം പിൻവലിച്ചിട്ടില്ല. പഞ്ചായത്തിന് തനത് ഫണ്ട് വരവ് ഇ-പേയ്മെന്റിന് എസ് ബി ഐ ൽ നിലവിൽ ബാങ്ക് അക്കൌണ്ട് ഉള്ളപ്പോൾ ആണ് ഫെഡറൽ ബാങ്കിൽ അക്കൌണ്ട് ആരംഭിച്ചത്. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തനത് വരുമാനം പ്രൈവറ്റ് ബാങ്കിൽ ആരംഭിച്ചതും ഗൂഗിൾ പേ വഴി പണം സ്വീകരിക്കുന്നതും ഏത് സർക്കാർ നിർദ്ദേശ പ്രകാരമാണെന്നും , പണം പിൻവലിക്കാതെ സേവിംഗ് ആയി മാത്രം ഈ പ്രൈവറ്റ് ബാങ്കിൽ പണം സൂക്ഷിക്കുന്നതിനും ഗൂഗിൾ പേ വഴി മാത്രം പണം വരവ് വന്നിട്ടുള്ള നാളിതു വരെ പണം പിൻവലിച്ചിട്ടില്ലാത്ത

പ്രസ്തുത ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള Closing Balance ഉം AFS പ്രകാരമുള്ള Closing Balance ഉം വ്യത്യാസമുണ്ടായതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (12/22-9-2022) ക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരമാണ് ഫെഡറൽ ബാങ്കിൽ ഗൂഗിൾ പേ അക്കൗണ്ട് തുടങ്ങിയതെന്നും ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരവും AFS പ്രകാരവുമുള്ള Closing Balance തമ്മിൽ വ്യത്യാസമായി വന്നിട്ടുള്ള 2183 രൂപ വസ്തുനികുതി ആയി അടവാക്കിയതാണെന്നും തുക 2-4-2022 ൽ പഞ്ചായത്തിൽ ക്രെഡിറ്റ് ആയിട്ടുണ്ടെന്നും പലിശ ഇനത്തിൽ ലഭ്യമായ തുകയാണ് 293/- രൂപ എന്നും സൂചിപ്പിച്ച് മറുപടിയും രേഖകളും ലഭ്യമാക്കി ബാക്കി ഉള്ള 1 രൂപ അധികമായി വന്നിട്ടുള്ളതാണെന്ന മറുപടി മാത്രവും ലഭ്യമാക്കി. ബാങ്ക് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ട കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി ഇളവ് നൽകി

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 6 പട്ടിക 1 പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതിയിൽ ഇളവ് നൽകാൻ പാടില്ല. കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 7-09-2011 ലെ പഞ്ചായത്ത് കമ്മിറ്റി I(2) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന 16 റോഡുകളിൽ നിന്നും നേരിട്ട് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളെ പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ താഴെ ചേർത്ത 7 റോഡുകളും ഉൾപ്പെട്ടിട്ടുണ്ട്.

1. ആലുവ - പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡ്
2. ചാലാക്കൽ - തടിയിട്ടപറമ്പ് റോഡ്
3. തോട്ടുമുഖം - തടിയിട്ടപറമ്പ് റോഡ്
4. നാലാംമൈൽ - ചക്കൻകുളങ്ങര റോഡ്
5. ഡോൺബോസ്കോ മുള്ളൻകുഴി റോഡ്
6. ആലുവ - മൂന്നാർ പ്രൈവറ്റ് ബസ് റോഡ് (ആലുവ - പെരുമ്പാവൂർ പ്രൈവറ്റ് ബസ് റോഡ്)
7. കൊട്ടേക്കാട് കോളനിപ്പടി എസ്റ്റേറ്റ് റോഡ്.

എന്നാൽ സഞ്ചയ Form 6, Assessment Details എന്നിവ പ്രകാരം ചില കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ മേൽ ചേർത്ത റോഡുകളിൽ നിന്നും നേരിട്ട് പ്രവേശനമുള്ളതിനാൽ വഴി സൗകര്യം ഇനത്തിൽ 20% അടിസ്ഥാന വസ്തുനികുതി വർദ്ധനവ് നൽകിയതിനോടൊപ്പം പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ട ഇവയെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗ ക്രമം | തറ വിസ്തീർണ്ണം (ച.മീ) | നിശ്ചയിച്ച് ഈടാക്കുന്ന വാർഷിക വസ്തു നികുതി | റോഡ് | ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി മേഖല ഇനത്തിൽ നൽകിയ ഇളവ് | നികുതി നിർണ്ണയിച്ച വർഷം | 2022 ഒന്നാം അർദ്ധ വർഷം വരെ അനുവദിച്ച ഇളവ് |
|---|---|---|---|---|---|---|---|---|---|
| 1 | 2/17/A | അബ്ദുൾ നജീബ് കദളിക്കാട്ടിൽ, തോട്ടുമുഖം | പാർപ്പിടം | 149.88 | 825 | ആലുവ - പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡ് | 74.94 | 2020 രണ്ടാം അർദ്ധ വർഷം | 150 |
| 2 | 2/72/A | സിറാജ്ഉൾ ഹസൻ പി എ | പാർപ്പിടം | 333.99 | 2088 | ആലുവ - പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡ് | 166.99 | 2020 രണ്ടാം അർദ്ധ വർഷം | 934 |
| 3 | 2/407/A | സജി വി നായർ | പാർപ്പിടം | 288.5 | 1443 | ആലുവ - പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡ് | 144.25 | 2014 ഒന്നാം അർദ്ധ വർഷം | 1154 |
| 4 | 2/407/B | ശാന്തി വി നായർ, വേണുഗോപാലൻ നായർ, സരോജം വേണുഗോപാലൻ, മുണ്ടപ്പിള്ളി ദേവകി ഭവൻ, തോട്ടുമുഖം | പാർപ്പിടം | 293.1 | 1832 | ആലുവ - പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡ് | 146.55 | 2017 ഒന്നാം അർദ്ധ വർഷം | 733 |
| 5 | 2/434/A | മുഹമ്മദ് ഷെരീഫ് , കുറുപ്പാലിൽ തോട്ടുമുഖം, ആലുവ | പാർപ്പിടം | 301.92 | 1661 | ആലുവ - പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡ് | 150.96 | 2016 ഒന്നാം അർദ്ധ വർഷം | 906 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 6 | 2/434/B | അബൂബക്കർ ആൽഫി, കുറുപ്പാലിൽ, എരുമത്തല പി ഓ, കീഴ്മാട് | പാർപ്പിടം | 409.16 | 2558 | ആലുവ - പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡ് | 204.58 | 2016 രണ്ടാം അർദ്ധ വർഷം | 1227 |
| 7 | 2/436/A | സൈറ ഷാനവാസ്, നമ്പൂരി മഠത്തിൽ തോട്ടുമുഖം | പാർപ്പിടം | 461.34 | 2884 | ആലുവ - പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡ് | 230.67 | 2017 രണ്ടാം അർദ്ധ വർഷം | 1153 |
| 8 | 4/130/B | ഷിഹാബ് മിയ്യത്ത് തോട്ടുമുഖം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 68.73 | 4537 | ആലുവ - പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡ് | 412 | 2016 ഒന്നാം അർദ്ധ വർഷം | 2472 |
| 9 | 4/130/C | ഷിഹാബ് മിയ്യത്ത് തോട്ടുമുഖം | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 68.73 | 4537 | ആലുവ - പെരുമ്പാവൂർ ട്രാൻസ്പോർട്ട് റോഡ് | 412 | 2016 ഒന്നാം അർദ്ധ വർഷം | 2472 |
| 10 | 7/294/A | അഹമ്മദ് അഷ്റഫ്, റാബി മൻസിൽ തോട്ടത്തിൽ കോട്ടപ്പുറത്ത്, ചാലാക്കൽ, മാറമ്പിള്ളി | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 823.37 | 49403 | ചാലാക്കൽ - തടിയിട്ടപ്പറമ്പ് റോഡ് | 4940 | 2013 ഒന്നാം അർദ്ധ വർഷം | 44460 |
| 11 | 7/675/A | മൊയിനുദ്ധീൻ കെ കെ, കരിങ്ങാലി പുരയിടം, ചാലാക്കൽ | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 53.94 | 2374 | ചാലാക്കൽ - തടിയിട്ടപ്പറമ്പ് റോഡ് | 215.76 | 2013 ഒന്നാം അർദ്ധ വർഷം | 1942 |
| 12 | 7/688/A1 | മുരളീധരൻ & നൈന മുരളീധരൻ, വില്ലനം - 2, സെക്ടർ - 1, ചാലാക്കൽ | പാർപ്പിടം | 338.3 | 1861 | ചാലാക്കൽ - തടിയിട്ടപ്പറമ്പ് റോഡ് | 169 | 2014 ഒന്നാം അർദ്ധ വർഷം | 1352 |
| 13 | 8/52/A | ശ്രീമതി ഉമ്മുഐമൻ, ദാറുസ്സലാം, പുത്തൻപുരയിൽ, കുമ്പളം | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 820.82 | 32833 | തോട്ടുമുഖം - തടിയിട്ടപറമ്പ് റോഡ് | 3283 | 2013 ഒന്നാം അർദ്ധ വർഷം | 29547 |
| 14 | 8/56/A | ലൈജ്ജ, തലക്കാവിൽ വീട്, കീഴ്മാട് | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 100.73 | 4030 | തോട്ടുമുഖം - തടിയിട്ടപറമ്പ് റോഡ് | 402.92 | 2019 രണ്ടാം അർദ്ധ വർഷം | 1208 |
| 15 | 8/60/O | പി.ഒ ജോസ് മാനേജിങ്ങ് പാര്ട്ട്ണറ് സിറ്റാഡെൽ റിയൽറ്റേഴ്സ്, സിൽവർ കാസ്റ്റ്ൽ, ആലുവ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 105.5 | 6330 | ചാലാക്കൽ - തടിയിട്ടപ്പറമ്പ് റോഡ് | 633 | 2022 ഒന്നാം അർദ്ധ വർഷം | 633 |
| 16 | 8/60/P | പി.ഒ ജോസ് മാനേജിങ്ങ് പാര്ട്ട്ണറ് സിറ്റാഡെൽ റിയൽറ്റേഴ്സ്, സിൽവർ കാസ്റ്റ്ൽ, ആലുവ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 105.5 | 6330 | ചാലാക്കൽ - തടിയിട്ടപ്പറമ്പ് റോഡ് | 633 | 2022 ഒന്നാം അർദ്ധ വർഷം | 633 |
| 17 | 8/60/Q | പി.ഒ ജോസ് മാനേജിങ്ങ് പാര്ട്ട്ണറ് സിറ്റാഡെൽ റിയൽറ്റേഴ്സ്, സിൽവർ കാസ്റ്റ്ൽ, ആലുവ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 105.5 | 6330 | ചാലാക്കൽ - തടിയിട്ടപ്പറമ്പ് റോഡ് | 633 | 2022 ഒന്നാം അർദ്ധ വർഷം | 633 |
| 18 | 8/60/R | പി.ഒ ജോസ് മാനേജിങ്ങ് പാര്ട്ട്ണറ് സിറ്റാഡെൽ റിയൽറ്റേഴ്സ്, സിൽവർ കാസ്റ്റ്ൽ, ആലുവ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 105.5 | 6330 | ചാലാക്കൽ - തടിയിട്ടപ്പറമ്പ് റോഡ് | 633 | 2022 ഒന്നാം അർദ്ധ വർഷം | 633 |
| 19 | 9/272/C | ബഷീർ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഫെറോക് ബോർഡ്സ് ലിമിറ്റഡ്, നാലാംമൈൽ, | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 972.55 | 58354 | നാലാംമൈൽ - ചക്കൻകുളങ്ങര റോഡ് | 5835 | 2018 ഒന്നാം അർദ്ധ വർഷം | 23340 |
| 20 | 9/242/A | പി.എ.യൂസഫ്,പന്തക്കട ഹൌസ്,നാലാംമൈൽ | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്ട്, 2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 286.26 | 6298 | നാലാംമൈൽ - ചക്കൻകുളങ്ങര റോഡ് | 629.77 | 2013 ഒന്നാം അർദ്ധ വർഷം | 5667 |
| 21 | 11/440/A | ശ്രീകുമാർ, ശ്രീവിലാസ്, കുട്ടമശ്ശേരി | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , | 196.73 | 11804 | ഡോൺബോസ്കോ മുള്ളൻകുഴി റോഡ് | 1180 | 2014 ഒന്നാം അർദ്ധ | 9440 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | | | | | വർഷം | |
| 22 | | മാർട്ടിൻ ജോർജ്ജ്, തേയ്ക്കാനത്ത്, ചുണങ്ങംവേലി, എരുമത്തല പി.ഒ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 49.35 | 1481 | ആലുവ - മൂന്നാർ പ്രൈവറ്റ് ബസ് റോഡ് | 148 | 2013 ഒന്നാം അർദ്ധ വർഷം | 1332 |
| 23 | 15/14/A | ബിനു ഫിലിപ്പ് ആൻറ് വിനോദ് ടി. ഉമ്മൻ, തോണിപ്പുരക്കൽ, കോളനിപ്പടി, എരുമത്തല പി.ഒ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 66.12 | 1984 | ആലുവ - മൂന്നാർ പ്രൈവറ്റ് ബസ് റോഡ് | 198 | 2013 രണ്ടാം അർദ്ധ വർഷം | 1782 |
| 24 | 17/257/A | പ്രമോദ് ആന്റണി & എൻ ടി ആന്റണി, നരികലങ്ങര, കൊലനിപ്പടി. | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 109.6 | 6576 | കൊട്ടേക്കാട് കോളനിപ്പടിഎസ്റ്റേറ്റ് റോഡ് | 657 | 2017 ഒന്നാം അർദ്ധ വർഷം | 3285 |
| | | | | | | | 22133.39 | | 137088 |

പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിലെ വ്യവസ്ഥകൾ പ്രകാരം പ്രഥമ മേഖലയിൽ ഉൾപ്പെടേണ്ട മേൽ കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി ഇളവ് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/17-9-2022) ക്രമ നമ്പർ-1,2 എന്നിവയിൽ നിന്ന് പ്രവേശിക്കാവുന്ന റോഡ് കൊച്ചങ്ങാടി കടവ് റോഡാണെന്നും ക്രമ നമ്പർ 3,4, എന്നീ കെട്ടിടങ്ങളിൽ നിന്നും നേരിട്ട് പ്രവേശിക്കുന്ന റോഡുകൾ പ്രൈവറ്റ് റോഡുകളാണെന്നും ക്രമ നമ്പർ 5,6,7 എന്നീ കെട്ടിടങ്ങളിൽ നിന്നും നേരിട്ട് പ്രവേശിക്കാവുന്ന റോഡ് സിൽവർ ഹിൽസ് റോഡ് ആണെന്നും ഇവ ദ്വിതീയ മേഖലയിൽ ഉൾപ്പെട്ടതാണെന്നും സഞ്ചയയിൽ അപ്ഡേഷൻ വരാത്തതിനാലാണ് അടുത്ത റോഡായ മേൽ പട്ടികയിൽ ഉള്ള റോഡുകൾ ഈ കെട്ടിടങ്ങളുടെ ഫോം -6 ൽ ചേർത്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ മറുപടിയിൽ സൂചിപ്പിച്ച റോഡുകൾ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതാണോ എന്നത് സംബന്ധിച്ചും ഇവ സഞ്ചയയിൽ ചേർക്കാത്തത് സംബന്ധിച്ചും ടി റോഡുകളുടെ പേര് Form -6 ൽ ചേർത്ത് വസ്തുനികുതി നിർണ്ണയിക്കാതെ മേൽ പട്ടികയിൽ ചേർത്ത റോഡുകളുടെ പേര് Form-6 ൽ രേഖപ്പെടുത്തി 20 % വർദ്ധനവ് നൽകിയത് സംബന്ധിച്ചും വിശദീകരണം ലഭ്യമായില്ല. വിഷയത്തിൽ വിശദമായ അന്വേഷണം നടത്തി ശരിയായ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-13 വാണിജ്യ കെട്ടിടത്തിന് തെറ്റായ ഉപയോഗക്രമം നൽകി വസ്തുനികുതി കുറവായി നിർണ്ണയിച്ചു.

താഴെ ചേർത്ത കെട്ടിടത്തിന്റെ തറവിസ്തീർണ്ണം സഞ്ചയ Form-6 , Assessment Details എന്നിവ പ്രകാരം 100 ച.മീറ്ററിന് മുകളിലാണ്. എന്നാൽ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ,റെസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൌൺ, എന്ന ഉപയോഗക്രമമാണ് ഈ കെട്ടിടത്തിന് നൽകിയിരിക്കുന്നത്. ഈ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 30 രൂപ/ച.മീറ്ററും, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 60 രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി കീഴ്മാട് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടത്തിന് തെറ്റായ ഉപയോഗക്രമം നൽകിയത് മുഖേന താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് ഉണ്ടായിട്ടുണ്ട്.

| കെട്ടിട നം | ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീ) | 30 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കിയ വസ്തുനികുതി | 60 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | നികുതി പ്രാബല്യത്തിൽ വന്ന വർഷം | കുറവ് (LC ഉൾപ്പെടാതെ) | 2021 രണ്ടാം അർദ്ധ വർഷം വരെ കുറവ്(LC ഉൾപ്പെടാതെ) |
|---|---|---|---|---|---|---|---|
| 5/241/A | നിസാർ അബ്ദുൾ ഖാദർ, മുണ്ടോക്കുടി ഹൌസ്, കുട്ടമശ്ശേരി, തോട്ടുമുഖം | 132.73 | 3981.9 + 796.38(വഴി സൌകര്യം 20% വർദ്ധനവ്) = 4779 | 7963.8 + 1592.76 (വഴി സൌകര്യം 20% വർദ്ധനവ്) = 9557 | 2015 ഒന്നാം അർദ്ധവർഷം മുതൽ | 4778/- | 33446/- |

മേൽ ചേർത്ത അപാകത സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ -1/14-9-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മേൽ കെട്ടിടത്തിന്റെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ

കീഴ്മാട് ഗ്രാമ പഞ്ചായത്തിൽ 2021-2022 സാമ്പത്തിക വർഷം തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതായി തൊഴിൽനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി രജിസ്റ്ററിൽ പേജ് നമ്പറും ക്രമ നമ്പറും | അർദ്ധ വർഷം |
|---|---|---|---|
| 1 | ABC ഗ്രൂപ്പ് എറണാകുളം | 73, 19 | II |
| 2 | ഹിന്റാലിയ പ്ലാസ്റ്റിക്സ് | 75, 36 | II |

2) FTEOS ലൈസൻസ് എടുത്ത താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ നമ്പർ | കെട്ടിട നമ്പർ |
|---|---|---|---|
| 1 | AVT Mc Cormick Ingraidents Pvt LTD | 25 | 8/286/B |
| 2 | ഏഷ്യൻ പെയിന്റ്സ് എൽ ടി ഡി | 30,31 | 8/315, 8/317, 8/318, 8/325/A |
| 3 | അമൽ ലാബ് | 33 | 10/525 |
| 4 | ഹൈറേഞ്ച് കോൾഡ് ചെയിൻ സൊല്യൂഷൻസ് | 41 | 8/286/C |
| 5 | RBG ട്രേഡിംഗ് കോർപറേഷൻ പ്രൈവറ്റ് ലിമിറ്റഡ് | 52 | 8/316 |
| 6 | Trackon കൊറിയർ പ്രൈവറ്റ് ലിമിറ്റഡ് | 57 | 5/87/B |
| 7 | Logiware Supply Chain Sollutions | 61 | 8/528/A |
| 8 | പാറക്കൽ വെഞ്ചേഴ്സ് | 63 | 8/528 |
| 9 | Logiware Systems & Sollutions | 64 | 8/528/B |
| 10 | പാറക്കൽ കാർട്ടൽ | 65 | 8/528/C |
| 11 | RIM Projects PVT LTD | 67 | 18/227/A |
| 12 | ഗുജറാത്ത് കോ ഓപറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് | 71 | 7/110/E |
| 13 | സുപ്രീം സ്റ്റീൽ ഇൻഡസ്ട്രീസ് | 79 | 5/512 |
| 14 | പൂഴിത്തറ പ്ലാസ്റ്റിക്ക് ഇൻഡസ്ട്രീസ് | 82 | 3/118 |
| 15 | ഫാത്തിമ ഐ കെയർ ഹോസ്പിറ്റൽ | 83 | 4/631/E |
| 16 | ക്യൂബിക്ക് എഞ്ചിനിയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 87 | 8/368 |
| 17 | സ്വദേശി അഗ്രിഗേറ്റ്സ് മെറ്റൽ ക്രഷർ | 103 | 6/593 |
| 18 | തൃപുര ഫെർട്ടിലൈസേഴ്സ് & പെസ്റ്റിസൈഡ്സ് പ്രൈവറ്റ് ലിമിറ്റഡ് | 111, 112 | 8/349/A, 8/349/B, 8/349/C |
| 19 | അരിസ്റ്റോ കെമിക്കൽസ് & ആരോമാറ്റിക്സ് | 114 | 10/281 |
| 20 | എക്സൽ ഗ്രാനൈറ്റ്സ് മെറ്റൽ ക്രഷർ | 122 | 5/501 |
| 21 | ബെസ്റ്റ് ഗ്രാനൈറ്റ്സ് മെറ്റൽ ക്രഷർ | 124 | 7/647 |
| 22 | കൊച്ചിൻ റിക്ലെയിം & റബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | 130 | 8/334 |
| 23 | പ്രാണ ആയുർവേദിക് സെന്റർ | 146 | 5/163, 164 |
| 24 | പെരിയാർ ബീവറേജസ് | 160 | 18/159 |
| 25 | കനക പോളിപായ്ക്ക് പ്രൈവറ്റ് ലിമിറ്റഡ് | 164 | 16/488 |
| 26 | കുന്നത്ത് പ്ലാസ്റ്റിക്സ് | 197 | 3/119 |
| 27 | സ്മാർട്ട് സ്പേസ് സൊല്യൂഷൻസ് | 234 | 18/317/D |
| 28 | യുണീക്ക് അക്കാഡമി ഫോർ ഇംഗ്ലീഷ് | 273 | 14/39/A, C |
| 29 | പോളിക്യാബ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | 281 | 8/320, 324, 325 |
| 30 | ലാബോ കെമിക്കൽസ് | 286 | 15/161 |
| 31 | ഡൽഹിവെറി പ്രൈവറ്റ് ലിമിറ്റഡ് | 330 | 8/321, 322, 323 |
| 32 | കേരള സ്റ്റേറ്റ് കോ ഓപറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ , ഫെർട്ടിലൈസർ മിക്സിംഗ് യൂണിറ്റ് | 379 | 7/647/A, B |
| 33 | ക്വാളിറ്റി പവർ ഇലക്ട്രിക്കൽ എക്യുപ്മെന്റ്സ് & പ്രൈവറ്റ് ലിമിറ്റഡ് | 422 | 6/335 |
| 34 | കെയർ ഡയഗ്നോസ്റ്റിക് ക്ലിനിക്കൽ ലബോറട്ടറി | 445 | 18/222/A |

| | | | |
|---|---|---|---|
| 35 | കടവിൽ ക്രഷിംഗ് യൂണിറ്റ് | 446 | 7/127 |
| 36 | ചുണങ്ങംവേലി ഡെന്റൽ സെന്റർ | 459 | 14/42/F |
| 37 | മെഡിസോൺ ഡയഗ്നോസ്റ്റിക്സ് | 461 | 10/208 |
| 38 | ന്യൂ എറ ഡെന്റൽ ക്ലിനിക്ക് | 462 | 4/639 |
| 39 | ഹോളി കെയർ ലാബ് | 463 | 13/448 |

3) 2021-2022 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല

4) പഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ,സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയില്ല. തൊഴിൽനികുതി ഈടാക്കിയതായി തൊഴിൽ നികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(9/18-9-2022) ക്ക് ചില സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ സമർപ്പിച്ചത് പ്രകാരം അവയെ ഒഴിവാക്കിയതിന് ശേഷമുള്ള വിവരങ്ങളാണ് മേൽ ചേർത്തത്. മേൽ പ്രകാരം തൊഴിൽ നികുതി ഈടാക്കാത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 എസ് എസ് എൽ സി പരീക്ഷ വിജയിച്ച വ്യക്തിക്ക് പത്താം തരം തുല്യത പഠനത്തിനായി തുക ചെലവാക്കി

ഹെഡ് മിസ്ട്രസ്സ് ഗവ. യു പി സ്കൂൾ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നമ്പർ S0089/22 പ്രകാരം 15 പത്താം തരം തുല്യതാ പഠിതാക്കൾക്കായി രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 100 രൂപയും കോഴ്സ് ഫീസ് ഇനത്തിൽ 1750 രൂപയും ഉൾപ്പെടെ ആകെ 27750 രൂപ ബിൽ നമ്പർ 211104520214014588691/25.3.22 പ്രകാരം സംസ്ഥാന സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഇപ്രകാരം രജിസ്റ്റർ ചെയ്തതിൽ ഫസ്ന മോൾ വി ബി എന്ന പഠിതാവ് 2008 മാർച്ചിൽ എസ് എസ് എൽ സി പരീക്ഷ വിജയിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് ഫയലിൽ ഉണ്ട്. ടിയാളെ അഡ്മിഷൻ നമ്പർ 373537/10.7.22 പ്രകാരം 2022 ബാച്ച് 16 – ലെ പത്താം തരം തുല്യത പഠിതാവായി രജിസ്റ്റർ ചെയ്തതായി സാക്ഷരതാമിഷൻ ഡയറക്ടർ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. 2008 മാർച്ചിൽ എസ് എസ് എൽ സി പരീക്ഷ വിജയിച്ച വ്യക്തിക്ക് പത്താം തരം തുല്യത പഠനത്തിനായി തുക ചെലവാക്കിയതിന്റെ കാരണം വിശദീകരിക്കണമെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 8 / 17.09.2022 മുഖേന ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ സാക്ഷരതാ രജിസ്ട്രേഷൻ പൂർത്തിയായിട്ടില്ലാത്ത സാഹചര്യത്തിൽ ഫസ്ന മോൾ വി ബി ക്ക് പകരം സഹീർ എം എം എന്ന പഠിതാവിനെ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്യുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ സഹീറിനെ പകരം ഉൾപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും മറ്റ് രേഖകളും ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവാക്കിയ 1850 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-16 സർക്കാർ ഉത്തരവില്ലാതെ ആർജ്ജിതാവധി പണമാക്കി മാറ്റി

സർക്കാർ, അർദ്ധ-സർക്കാർ, സർവ്വകലാശാലാ, പൊതുമേഖലാ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുൾപ്പെടെ മുഴുവൻ വിഭാഗം ജീവനക്കാരുടേയും ആർജിതാവധി പണമാക്കി മാറ്റുന്നതിനുള്ള (Periodical Surrender Of Earned Leave) അവകാശം താല്ക്കാലികമായി മാറ്റി വെച്ചു കൊണ്ട്, GO (P) No.42/2020/Fin. Dated 16.04.2020, GO (P) No.43/2020/Fin. Dated 17.04.2020, 17.07.2020-ലെ GO(P) No. 94/2020/Fin,GO(P) No. 104/2021/ Fin. Dated 26/07/2021 എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഓഫീസ് അറ്റൻഡന്റ്,ലാസ്റ്റ് ഗ്രേഡ് ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ എന്നിവർക്ക് മാത്രമാണ് ആർജിതാവധി പണമാക്കി മാറ്റുന്നതിന് അവകാശം ഉണ്ടായിരുന്നത്.

മേൽ പറഞ്ഞ ഉത്തരവുകളിലൂടെ മാറ്റി വെയ്ക്കപ്പെട്ട ആർജിതാവധി സറണ്ടർ ആനുകൂല്യം, സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കേണ്ടതാണെന്ന വ്യവസ്ഥയിൽ 2020 നവമ്പർ മാസം മുതൽ അനുവദിക്കുന്നതാണെന്നും, ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ എന്നും 05.11.2020-ലെ സ.ഉ.(അ) നം. 152/2020/ധന. ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു.

ആർജിതാവധി സറണ്ടർ ആനുകൂല്യം പണമാക്കി മാറ്റുന്നതിനുള്ള അവകാശം മാറ്റി വെക്കപ്പെട്ടിട്ടുണ്ടെന്നിരിക്കെ, സർക്കാർ ഉത്തരവിനു വിരുദ്ധമായി പഞ്ചായത്തിലെ താഴെ പറയുന്ന 12 ജീവനക്കാർ അവരുടെ 30ദിവസത്തെ ആർജിതാവധി പണമാക്കി കൈപ്പറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | കൈപ്പറ്റിയ തുക | വൌച്ചർ നം/ ചെക്ക് നമ്പർ തീയതി |
|---|---|---|---|---|
| 1 | ശ്രീമതി മിനി ഇ വി | ക്ലർക്ക് | 34521 | 22100167/1.6.21 |
| 2 | ശ്രീമതി ബിനി ഐപ് | അസി:സെക്രട്ടറി | 62715 | |
| 3 | ശ്രീ രഞ്ജിത്ത് വി ജി | ജൂനിയർ സൂപ്രണ്ട് | 62715 | |
| 4 | ശ്രീമതി സിനു പ്രിയ ജോൺ | അക്കൗണ്ടന്റ് | 55722 | |
| 5 | ശ്രീ ഷാനവാസ് കെ എസ് | സീനി.ക്ലർക്ക് | 46953 | |
| 6 | ശ്രീമതി ബിന്ദു കെ.കെ | സീനി.ക്ലർക്ക് | 45843 | |
| 7 | ശ്രീമതി സബിത പി എം | സീനി.ക്ലർക്ക് | 44733 | |
| 8 | ശ്രീജിത്ത് ടി കെ | സീനി.ക്ലർക്ക് | 42513 | |
| 9 | തായി കെ എ | ക്ലർക്ക് | 44733 | |
| 10 | ശ്രീകുമാർ പി എ | ക്ലർക്ക് | 38517 | |
| 11 | ശ്രീമതി ഗിഫ്റ്റി കെ എൽ | ക്ലർക്ക് | 37518 | |

| | | | | |
|---|---|---|---|---|
| 12 | അംജിത കെ കെ | ടി എ | 15498 | 35339/ 18.3.22 |
| ആകെ | | | 531981 | |

മേൽ പറഞ്ഞ പ്രകാരം സർക്കാർ ഉത്തരവിനു വിരുദ്ധമായി ആർജിതാവധി പണമാക്കി മാറ്റി 531981/- രൂപ ജീവനക്കാർ കൈപ്പറ്റിയിട്ടുണ്ട്. 2021-22 ലെ ആർജിതാവധി പണമാക്കി മാറ്റിയത് സർക്കാർ ഉത്തരവില്ലാതെയാണെന്ന് കാണുന്നു. സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക കൈപ്പറ്റിയതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് 13/22.09.2022 നമ്പർ ആയി നൽകിയ എൻക്വയറിക്ക് മറുപടിയായി ജി ഒ (പി) നമ്പർ 104/2021, 26.7.2021 പ്രകാരം മുൻകാലപ്രാബല്യത്തോടെ 1.6.2021 മുതൽ ആർജിതാവധി പണമാക്കൽ അടുത്ത 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചിട്ടുള്ളതാണെന്നും മേൽ ഉത്തരവ് ഡഫർമെന്റ് പ്രാബല്യത്തിലില്ലാത്ത കാലയളവിൽ ആർജിതാവധി ഇനത്തിൽ അനുവദിച്ച തുക തിരിച്ചുപിടിക്കണമെന്ന് പറഞ്ഞിട്ടില്ലാത്തതിനാൽ തിരിച്ചുപിടിച്ചിട്ടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. മുൻകാലപ്രാബല്യത്തോടെ യാണ് മേൽ ഉത്തരവ് എന്നത് മറുപടിയിൽത്തന്നെ വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ തിരികെ പിടിക്കാൻ പറഞ്ഞിട്ടില്ല എന്ന വാദത്തിൽ കഴമ്പില്ല. ആർജിതാവധി ഇനത്തിൽ അനുവദിച്ച തുക തിരികെ ഈടാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 531981/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

### 1-17 ഡയാലിസിസ് ചികിൽസാ സഹായം(പഞ്ചായത്ത് വിഹിതം)-ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ടതിലും അധികം തുക നല്കി.

പ്രോജക്റ്റ് നമ്പർ : 67/22

നിർവ്വഹണം : മെഡിക്കൽ ഓഫീസർ(എഫ്. എച്ച്. സി.)

ആകെ ചെലവ് : 120000 രൂപ(വികസന ഫണ്ട് ജനറൽ)

എറണാകുളം ജില്ലാപഞ്ചായത്ത് 2021-22 വർഷത്തിൽ ഡയാലിസിസ് നടത്തുന്ന രോഗികൾക്ക് ചികിൽസ സഹായം എന്ന സംയുക്തപദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേക്ക് കീഴ്മാട് പഞ്ചായത്തിന്റെ വിഹിതം ആയി തുക കൈമാറുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി 120000 രൂപ ജില്ലാ പഞ്ചായത്തിന് മെഡിക്കൽ ഓഫീസർ(എഫ്. എച്ച്. സി.) കീഴ്മാട് കൈമാറിയിട്ടുണ്ട്. (BRN Number 2111045201870 1135402 / 16-2-2022) . ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 17-2-2022 ലെ ഡി.പി. 13-1014/21 നമ്പർ കത്തിൽ , ഏർളി ഇന്റർവെൻഷൻ സെന്റർ നടത്തിപ്പിനായി 20000/- രൂപയും ഡയാലിസിസ് തുടർചികിൽസാ പദ്ധതിക്കായി ക്ലെയിം സമർപ്പിച്ചിട്ടുള്ള രോഗികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുകയും അടവാക്കേണ്ടതാണെന്ന് അറിയിച്ചിട്ടുള്ളതാണ്. കത്തിനൊപ്പം ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം കീഴ്മാട് പഞ്ചായത്ത് ഡയാലിസിസ് പ്രൊജക്റ്റ് 2021-22 നായി ജില്ലാ പഞ്ചായത്തിന് കൈമാറേണ്ട തുക 80500 രൂപ മാത്രമാണ്. ഇത്തരത്തിൽ ആകെ 100500 രൂപയാണ് നല്കേണ്ടത്. എന്നാൽ പഞ്ചായത്ത് 120000 രൂപയാണ് അടവാക്കിയിട്ടുള്ളത് . ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (നമ്പർ 3/15.09.2022)നല്കി. 19500 രൂപ അധികമായി നല്കിയിട്ടുണ്ടെന്നും ആയത് വരും വർഷത്തെ ജില്ലാപഞ്ചായത്തിന്റെ സമാനമായ പദ്ധതിയിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മെഡിക്കൽ ഓഫീസർ മറുപടി നല്കിയിരിക്കുന്നു. എന്നാൽ ഇത് സംബന്ധിച്ച് ജില്ലാപഞ്ചായത്തുമായി രേഖാമൂലം ഏതെങ്കിലും ആശയവിനിമയം നടന്നിട്ടുള്ളതായി കാണുന്നില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനും എൻക്വയറിയിൽ ആവശ്യപ്പെട്ടിരുന്നു. ആയത് മറുപടിക്കൊപ്പം ലഭ്യമാക്കിയിട്ടില്ല. അതിനാൽ ചെലവ് തുകയായ 1,20,000 രൂപ തടസ്സപ്പെടുത്തുന്നു.

### 1-18 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല- 103749 രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നമ്പർ : 2/22

നിർവ്വഹണം : ഹോമിയോ മെഡിക്കൽ ഓഫീസർ

ആകെ ചെലവ് : 400000 രൂപ(സംരക്ഷണ ഗ്രാന്റ്- റോഡിതരം)

മേൽ പദ്ധതിയുടെ ഭാഗമായി ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് 400000 രൂപ ഹോമിയോ മരുന്ന് സപ്ളൈ നടത്തുന്നതിനായിട്ട് നല്കിയിട്ടുണ്ട് (BRN Number 2111045201910 0142501/21-6-21). എന്നാൽ 296251 രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകക്കുള്ള മരുന്ന് ലഭ്യമാക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കി(നമ്പർ 4/15.09.2022). ബാക്കി തുകക്കുള്ള മരുന്ന് ലഭ്യമാക്കാൻ കത്തയച്ചിട്ടുള്ളതായി എൻക്വയറിക്കുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമാക്കാത്ത മരുന്നിന്റെ തുകയായ 103749 രൂപ തടസ്സപ്പെടുത്തുന്നു.

### 1-19 സൈറ്റിൽ ലഭ്യമല്ലാത്ത ഉപകരണങ്ങൾക്കായി കെൽട്രോണിന് മുൻകൂർ തുക നൽകി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നമ്പർ S0049/22 ആയി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി കെൽട്രോണിന് താഴെപ്പറയുന്ന പ്രകാരം തുക നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം | ബിൽ നമ്പർ, തീയതി | ആകെതുക |
|---|---|---|---|
| ഡെസ്ക് ടോപ്പ് @50616 | 3 | 2111045200140 0770362/10.12.21 | 374725 |
| മോണോക്രോം പ്രിന്റർ @ 12953 | 5 | | |
| മൾട്ടി ഫംഗ്ഷൻ പ്രിന്റർ @ 20018 | 2 | | |
| ലാപ് ടോപ്പ് @ 59038 | 2 | | |
| ഡെസ്ക് ടോപ്പ് @50616 | 1 | 2111045200140 1362170/17.3.22 | 50616 |

എന്നാൽ ഈ ഉപകരണങ്ങൾ ലഭ്യമായതിന്റെ വിവരങ്ങൾ ഫയലിൽ ഇല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ CPRCS – ൽ മുൻകൂർ ആയി തുക അടക്കണമെന്നും തുക അടച്ചതിനുശേഷം വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ സാധിച്ചില്ല എന്നും കെൽട്രോണുമായി ബന്ധപ്പെട്ടപ്പോൾ അടച്ച തുകയുടെ ഇൻവോയ്സ് പ്രകാരമുള്ള ഐറ്റം സൈറ്റിൽ ലഭ്യമല്ല എന്നും പുതിയതായി ഓർഡർ ചെയ്യുന്നതിന് പുതുക്കിയ നിരക്കിലുള്ള തുകയുടെ ഇൻവോയ്സ് ജനറേറ്റ് ചെയ്യണം എന്നാണ് കെൽട്രോൺ അറിയിച്ചിട്ടുള്ളത് എന്നും ആയതിനാൽ അടവാക്കിയ തുക റീഫണ്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുള്ളതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. തുക തിരികെ ലഭിക്കുന്ന മുറക്ക് ആയത് സർക്കാരിലേക്ക് അടവാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അതുവരെ ഈയിനത്തിൽ ചെലവാക്കിയ 425341 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും CPRCS, Gem എന്നിവയിൽ നിന്നും വാങ്ങണമെന്ന സർക്കാർ ഉത്തരവ് നിലനിൽക്കുന്നതിനാൽ മേൽ പരാമർശിച്ച പ്രകാരമുള്ള സാങ്കേതിക കാരണങ്ങളാൽ കൂടിയ വിലയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങേണ്ടിവരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ആയതിനാൽ മേൽ അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽ

കൊണ്ടുവരുന്നതിനുള്ള നടപടികൾ ഭരണസമിതിക്ക് സ്വീകരിക്കാവുന്നതാണ്.

### 1-20 ഡെപ്പോസിറ്റ് വർക്ക് - വർക്ക് പൂർത്തിയായതിന്റെ രേഖകൾ ഇല്ല

വിവിധ പ്രോജക്ടുകൾക്കായി ഡെപ്പോസിറ്റ് വർക്ക് ആയി കെ എസ് ഇ ബി, വാട്ടർ അതോറിറ്റി എന്നിവയിൽ പഞ്ചായത്ത് തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വർക്ക് പൂർത്തിയായതിന്റെ രേഖകൾ ഫയലിൽ ഇല്ല. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| (A) | പ്രോജക്ട് നമ്പർ | ഇനം | തുക | ബിൽനമ്പർ/UTR Number/ തീയതി | നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| | SO122/22 | വിവിധ വാർഡുകളിൽ Street Line Extension (CFC) | 89940 | 220830169707/ 24.3.2022 | KSEB Vazhakkulam |
| | “ | “ | 148609 | 22100767/30.12.2021 | KSEB Vazhakkulam |
| | “ | “ | 37996 | 22100767/ 30.12.21 | KSEB Edathala |
| | SO124/22 | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 13365 | 22100768/30.12.21 | “ |
| | “ | “ | 15340 | 22100768/30.12.21 | KSEB Town Section Aluva |
| | “ | “ | 11229 | 22100768/ 10.3.22 | KSEB Town Section Aluva |
| | “ | “ | ₹15,040.00 | 22100768/ 22.3.22 | “ |
| | “ | “ | ₹33,240.00 | 220930204392/31.3.22 | “ |
| | SO 204/22 | ഇലക്ട്രിക് പോസ്റ്റിൽ ലൈൻ വലിക്കൽ | ₹3,08,464.00 | 220670127011/8.3.22 | KSEB Vazhakkulam |
| | “ | “ | ₹11,45,143.00 | 220700137236/11.3.22 | KSEB Town Section Aluva |
| | “ | “ | ₹38,716.00 | 220700137238/11.3.22 | KSEB Vazhakkulam |
| | ആകെ | | ₹18,57,082.00 | | |

| (B) വാട്ടർ അതോറിറ്റി | | | | | |
|---|---|---|---|---|---|
| | പ്രോജക്ട് നമ്പർ | ഇനം | തുക | ബിൽനമ്പർ/UTR Number/ തീയതി | നൽകിയ സ്ഥാപനം |
| | SO 205/22 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 25,00,000 | 21110452001401320598/14.3.22 | Water Authority, PH Division, Aluva |

മേൽപ്പറഞ്ഞ വേലകൾ പൂർത്തിയായി തുക അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ 4 പ്രകാരം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ഈ പ്രവൃത്തികൾ പൂർത്തിയായി വരുന്നതേയുള്ളുവെന്ന് ബന്ധപ്പെട്ട ഓഫീസുകളിൽ നിന്ന് അറിയിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്. ഈ തുകക്കുള്ള വർക്കുകൾ പൂർത്തിയാക്കി ബാക്കി തുക ഉണ്ടെങ്കിൽ ആയത് അഡ്ജസ്റ്റ് ചെയ്യുന്നതുവരെ കെ എസ് ഇ ബി യിൽ ചെലവാക്കിയ 1857082 രൂപയുടെയും വാട്ടർ അതോറിറ്റിയിൽ ചെലവാക്കിയ 25,00,000 രൂപയുടെയും ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

### 1-21 43-ാം നമ്പർ അംഗൻവാടി നവീകരണം-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ, പേര് | എസ്.ഒ 112/21- 43ാം നമ്പർ അംഗൻവാടി നവീകരണം. | |
| സാങ്കേതികാനുമതി | LSGD/TS/20-21/81481 Dated 20.08.2020 , Rs 4,00,000/- | |
| കരാറുകാരന്റെ പേര്, | ശ്രീ. ലിജോ പൗലോസ് | |
| കരാർ നം | 58/AE/LSGD/KZMD/20-21 തീയതി 07.10.2020 | |
| അളവ് പുസ്തകം | 482/20-21 | |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | |
| ചെലവഴിച്ച തുക | BRN 20110452020701417757/29.03.21.<br>BRN 21110452020700394564/07.09.21. | 3,57,837/-<br>12,965/-<br>3,70,802/- രൂപ |

കീഴ്മാട് ഗ്രാമ പഞ്ചായത്ത് വാർഡ് 13ലുള്ള 43ാം നമ്പർ അംഗൻവാടി നവീകരണത്തിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 38.125 $M^2$ മാത്രം വിസ്തൃതിയുള്ള ഈ കോൺക്രീറ്റ് കെട്ടിടത്തിനുമുകളിൽ ട്രസ് വർക്ക് ചെയ്ത് ഷീറ്റ് മേയൽ, ഗ്രിൽ വർക്ക്, പെയിന്റിംഗ്, പാരപ്പെറ്റ് പ്ലാസ്റ്ററിംഗ് , മുറ്റം ടൈൽ വിരിക്കൽ എന്നീ ഇനങ്ങൾ ഉൾപ്പെടുത്തിയുള്ള എസ്റ്റിമേറ്റ് പ്രകാരം 4,00,000/-രൂപയാണ്

ആകെ അടങ്കൽ.

മുറ്റത്ത് ട്രസ്‌വർക്കിന് മുകളിൽ നേരത്തേ ചെയ്തിരുന്ന ഷീറ്റിന് ചോർച്ച വന്നതിനാൽ പ്രവൃത്തി നിർവ്വഹണവേളയിൽ അത് മാറ്റി സ്ഥാപിക്കാൻ തീരുമാനിക്കുകയും, അതിനായി ഷീറ്റ് വർക്ക് കൂടുതൽ ഏരിയ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയുണ്ടായി. അടങ്കൽ തുകയിലധികരിക്കാതിരിക്കാൻ ഇനം 10 പ്രകാരമുള്ള പാരപ്പറ്റിനു ചുറ്റുമുള്ള ഗ്രിൽ വർക്ക് ഒഴിവാക്കുകയാണുണ്ടായത് . നിലവിൽ മുകളിൽ ഷീറ്റിട്ട ഭാഗം തുറസ്സായി കിടക്കുകയാണ്. കെട്ടിടത്തിനുമുകളിൽ ഷീറ്റിടുകയും, ടെറസ്സിൽ ടൈൽ വിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, മുകൾഭാഗം തുറസ്സായി കിടക്കുന്നതിനാൽ അവിടെയാകെ പക്ഷികളുടെ കാഷ്ഠം വീണും, പൊടിപിടിച്ചും കിടക്കുകയാണ്.

ചെറിയ യോഗങ്ങൾ നടത്താൻ ലക്ഷ്യമിട്ടാണ് കെട്ടിടത്തിന്റെ മുകൾഭാഗം ഷീറ്റിടുന്നതെന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിരുന്നത്. എന്നാൽ ആ ലക്ഷ്യം കൈവരിക്കാനുതകുംവിധം പദ്ധതി നടപ്പിലാക്കിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഗ്രിൽവർക്ക് ഒഴിവാക്കുന്നതിനുപകരം, ടൈൽവർക്ക് ഒഴിവാക്കിയിരുന്നെങ്കിൽ മുകൾഭാഗം തുറസ്സായി കിടക്കുകയില്ലായിരുന്നു. അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും, പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കണ്ട പൊതു ന്യൂനതകൾ

ഗ്രാമപഞ്ചായത്തിലെ അസി . എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥയായി 2021-22വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കണ്ട പൊതുവായ ന്യൂനതകൾ താഴെ ചേർക്കുന്നു.

(1) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(I) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(Ii) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല

(Iii) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു. പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാക്കുന്നില്ല.

3. പ്രവൃത്തിയുടെ ആവശ്യകത, സ്പെസിഫിക്കേഷൻ, സൈറ്റ് കണ്ടീഷൻ, പ്രവൃത്തിയുടെ സ്ഥാനം, ലക്ഷ്യം പദ്ധതി ചെലവ് റോഡ് പ്രവൃത്തിയാണെങ്കിൽ ചെയിനേജ് തുടങ്ങിയവ പ്രൊജക്ട് റിപ്പോർട്ടിൽ ഉണ്ടായിരിക്കേണ്ടതാണ്.. ചെറിയ ചെയിനേജുകളിലായി വാർഡ് അടിസ്ഥാനത്തിൽ ഭാഗികമായ റോഡ് പ്രവൃത്തികൾക്ക് പ്രൊജക്ട് തയ്യാറാക്കുന്നത് പദ്ധതി മാർഗനിർദ്ദേശങ്ങൾക്ക് നിരക്കുന്നതല്ല. തൻവർഷം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടത്തിയ ഭൂരിഭാഗം റോഡ് പ്രവൃത്തികളും ഇപ്രകാരമുള്ള ചെറിയ പ്രവൃത്തികളാണ്. റോഡുകളുടെ ആകെ നീളമോ മെയിന്റനൻസ് നടത്തുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എം ബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ഫണ്ടിന്റെ അപര്യാപ്തത മൂലം ഓരോ റോഡിന്റെയും ചെറിയ ഭാഗം മാത്രമാണ് ഓരോ വർഷവും മെയിന്റനൻസ് ചെയ്യുന്നത്. പ്രവൃത്തി ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ പ്രവൃത്തി ചെയ്ത സ്ഥലം നേരിൽ പോയി പരിശോധിക്കാൻ സാധിക്കുന്നില്ല.

4. മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലുണ്ടെങ്കിലും പൂർണ്ണവിവരങ്ങളില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയ്യുന്നതിന് പുതിയ പ്രൊജക്ട് വച്ച് പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച് വ്യക്തമായ ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

5. എല്ലാ പ്രവൃത്തികളും ടെണ്ടർ മുഖേന അംഗീകൃത കരാറുകാരെക്കൊണ്ടാണ് ചെയ്യിച്ചിരിക്കുന്നത്. 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടറിംഗ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നതായി കാണുന്നില്ല. ഒരു പ്രവൃത്തിക്ക് ആകെ ലഭിക്കുന്ന രണ്ട് ടെണ്ടറുകളിൽ ഒരെണ്ണം എസ്റ്റിമേറ്റ് നിരക്കിലും രണ്ടാമത്തേത് അതിൽ കൂടുതൽ നിരക്കിൽ ക്വോട്ട് ചെയ്തവയുമാണ്. തൻവർഷം ഭൂരിഭാഗം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ അംഗീകരിച്ചാണ് നടപ്പിലാക്കിയിരിക്കുന്നത്. DSR 2018 പ്രാബല്യത്തിലാകുന്നതുവരെ പരമാവധി 10 % ടെണ്ടർ എക്സസ് അനുവദിക്കാമെന്ന GO (Rt) No 1778/2021/LSGD Dated 16.09.2021 ഉത്തരവ് ബാധകമായ പ്രവൃത്തികൾക്ക് ടെണ്ടർ എക്സസും നൽകിയിട്ടുണ്ട്.

വരും വർഷം മുതൽ പ്രൊജക്ടുകളുടെ എണ്ണം കുറച്ച് സമയബന്ധിതമായി പദ്ധതികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ഓഡിറ്റ് ഇംപാക്ട്

കീഴ്മാട് ഗ്രാമ പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറികൾ മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് താഴെ ചേർത്ത പ്രകാരം 7524 രൂപ അടവാക്കി.

| ക്രമ നമ്പർ | രസീത് നമ്പർ | ഓഡിറ്റ് എൻക്വയറി നമ്പർ | ഇനം | തുക |
|---|---|---|---|---|
| 1 | 1220101042 | 9/18-9-2022 | തൊഴിൽനികുതി | 1800/- |
| 2 | 1220101043 | 9/18-9-2022 | തൊഴിൽനികുതി | 1800/- |
| 3 | 1220101047 | 9/18-9-2022 | തൊഴിൽനികുതി | 2016/- |
| 4 | 1220101048 | 9/18-9-2022 | തൊഴിൽനികുതി | 1908/- |
| | | | | 7524/- |

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനോടനുബന്ധിച്ചാണ് അക്കൗണ്ട്സ് പരിശോധിച്ചത് | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ വിവരം | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 4,00,000 | 26-ഭിന്നശേഷി സ്കോളർഷിപ്പ് | 4,00,000 | 0 |
| 2 | ,, | ,, | 901869 | ലൈഫ് ഭവനപദ്ധതി-സ്ഥലം വാങ്ങൽ | 901869 | 0 |
| 3 | ,, | ,, | 52000 | 144-ലൈഫ് ഭവനപദ്ധതി | 52000 | |
| 4 | ,, | ,, | 9,54,800 | 144-ലൈഫ് ഭവനപദ്ധതി-എസ്.സി | 9,54,800 | 0 |
| 5 | ,, | ,, | 6,93,653 | ലൈഫ് ഭവനപദ്ധതി- | 6,93,653 | 0 |
| 6 | ,, | ,, | 3,40,000 | നെൽകൃഷി വികസനം | 3,40,000 | 0 |
| 7 | ജില്ലാ പഞ്ചായത്ത് | ,, | 10,00,000 | ഭിന്നശേഷി സ്കോളർഷിപ്പ് | 10,00,000 | 0 |
| 8 | ,, | ,, | 412400 | ഭിന്നശേഷി സ്കോളർഷിപ്പ് | 412400 | 0 |
| 9 | ,, | ,, | 1155485 | 144-ലൈഫ് ഭവനപദ്ധതി-എസ്.സി | 1155485 | 0 |
| 10 | ,, | ,, | 2000000 | ലൈഫ് ഭവനപദ്ധതി- | 2000000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (അക്കൗണ്ട്സ് പ്രകാരം)

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 20522-കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 221013600/14.03.2022 | 25,00,000 | 0 | 25,00,000 |
| കെ.എസ്.ഇ.ബി | 122/22-വൈദ്യുതി ലൈൻ നീട്ടൽ | 22100767/07.01.2022 | 909001 | 0 | 909001 |
| ,, | ,, | 22100768/07.01.2022 | 28705 | 0 | 28705 |
| ,, | ,, | 22101420/31.03.22 | 89940 | 0 | 89940 |
| ,, | 124/22-വൈദ്യുതി ലൈൻ നീട്ടൽ | 22101421/31.03.2022 | 38329 | 0 | 38329 |
| ,, | ,, | 22101184/31.03.2022 | 33240 | 0 | 33240 |
| ,, | ,, | 22101183/31.03.2022 | 49726 | 0 | 49726 |
| ,, | ,, | 22101429/31.03.2022 | 2 | 0 | 2 |

| | | | | | |
|---|---|---|---|---|---|
| ,, | 204/22- വൈദ്യുതി ലൈൻ നീട്ടൽ | 22101422/31.03.2022 | 1492321 | 0 | 1492321 |
| ,, | ,, | 22101176/05.01.2022 | 8526 | 0 | 8526 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. 2021-22 വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ലൈഫ് ഭവന പദ്ധതി- ഹഡ്കോ ലോൺ | - | 2,18,49,540 | 63,09,334 | 8,65,333 | 0 | 54,44,001 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 52,96,994 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 3,97,895 |
| ആകെ | 56,94,889 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 56,94,889 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കുട്ടമശ്ശേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | 10/4/2021 | ഒരു വർഷം | 29,87,467 | അക്കൗണ്ട് നം 1368/1 |
| 2. | കീഴ്മാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് | 01/07/2021 | ,, | 27,07,422 | അക്കൗണ്ട് നം 48889 |
| | ആകെ | | | 56,94,889 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ ലഭിച്ച 9,603 /- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2018-19 | 1-15 | 1769 | എം സ്റ്റാർ എന്റർപ്രൈസസ് | 121070100032 തീയതി 09.04.2021 |
| 2018-19 | 1-15 | 1,688 | ,, | 121070100033 തീയതി 09.04.2021 |
| 2018-19 | 1-15 | 1,930 | ഫിഫ പ്ലാസ്റ്റിക്സ് | 121070101542 തീയതി 30.07.2021 |
| 2018-19 | 1-15 | 1,844 | ,, | 121070101543 തീയതി 30.07.2021 |
| 1998-99 | 36 | 852 | സെക്രട്ടറി | 121070106899 തീയതി 12.01.2022 |
| 1998-99 | 37 | 749 | ,, | 121070106900 തീയതി 12.01.2022 |
| 1999-00 | 35 | 771 | ,, | 121070106901തീയതി 12.01.2022 |
| ആകെ | | 9,603 | | |

## 4-8 സമാഹൃത റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 8, 9 | 2003-2004 | 12 | മരാമത്ത് പണികൾക്ക് അധിക തുക നൽകിയത് | പരിഹരിച്ചിട്ടില്ല |

4-9 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,53,00,002 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 10,01,80,909 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം /<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 55,40,003 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,850 | ഉഷാകുമാരി, ഹെഡ്മിസ്ട്സ്, കീഴ്മാട് യു.പി.എസ് |
| 1-16 | 5,31,981 | അംബിക കെ.പി, സെക്രട്ടറി |
| 1-17 | 1,20,000 | ഡോ.ലിസ്യക്സ് സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി |
| 1-18 | 1,03,749 | ഡോ.മിനി.കെ.എസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-19 | 3,74,725 | സുധീരൻ.എം.എസ്, സെക്രട്ടറി |
| 1-19 | 50,616 | നവാസ്.ബി.നെടിയത്ത്, സെക്രട്ടറി |
| 1-20(a) | 16,41,772 | നവാസ്.ബി.നെടിയത്ത്, സെക്രട്ടറി |
| 1-20(a) | 2,15,310 | സുധീരൻ.എം.എസ്, സെക്രട്ടറി |
| 1-20(b) | 25,00,000 | നവാസ്.ബി.നെടിയത്ത്, സെക്രട്ടറി |
| ആകെ | 55,40,003 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉഷാകുമാരി, ഹെഡ്മിസ്ട്സ്, കീഴ്മാട് യു.പി.എസ് | വിരമിച്ചു | കരുവേലിപ്പറമ്പിൽ ഹൗസ്, കോൺവെന്റ് റോഡ്, അക്കാട്ട് ലെയിൻ – A24, തോട്ടക്കാട്ടുകര, ആലുവ – 8 |
| അംബിക കെ.പി, സെക്രട്ടറി | വിരമിച്ചു | ദ്രൗപതി ഭവൻ ,മേയ്ക്കാട് പി.ഒ, |
| നവാസ്.ബി.നെടിയത്ത്, സെക്രട്ടറി | സെക്രട്ടറി, കീഴ്മാട് ഗ്രാമപഞ്ചായത്ത് | നെടിയത്ത് വീട്, ചേരാവള്ളി, കായംകുളം.പി.ഒ, ആലപ്പുഴ ജില്ല. |
| സുധീരൻ.എം.എസ്, സെക്രട്ടറി | സെക്രട്ടറി | ശ്രീദളം, ചിറ്റാന്റിങ്കര, വട്ടിയൂർക്കാവ്.പി.ഒ, അരുവിക്കര-685013 |
| ഡോ.ലിസ്യക്സ് സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ,പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, കീഴ്മാട് പി.എച്ച്.സി | പറമ്പോലത്ത് ഹൗസ്, സലീംരാജൻ റോഡ്, എറണാകുളം. |
| ഡോ.മിനി.കെ.എസ്, മെഡിക്കൽ ഓഫീസർ, ഹോമിയോ. | ഹോമിയോ ഡിസ്പെൻസറി നെടുമ്പാശ്ശേരി | വെള്ളിമറ്റം വീട്, നായത്തോട് പി.ഒ.683572 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ.ഇ.കെ.എം (പി 5) 681(i)/ 18, 15.09.18 |
| 1997-98 | കെ.എസ്.എ.ഇ.കെ.എം (പി 5)681(ii) / 18, 15.09.18 |
| 1998-99 | കെ.എസ്.എ.ഇ.കെ.എം (പി 5)681(iii)/ 18, 15.09.18 |
| 1999-2000 | കെ.എസ്.എ.ഇ.കെ.എം (പി 5)681(iv)/ 18, 15.09.18 |
| 2000-01 (നോൺ പ്ലാൻ ചെലവ്) | കെ.എസ്.എ.ഇ.കെ.എം (പി 5)681(vi)/ 18, 15.09.18 |
| 2000-01 (പ്ലാൻ) | കെ.എസ്.എ.ഇ.കെ.എം (പി 5)681(vii)/ 18, 15.09.18 |
| 2001-02 വരവ് | കെ.എസ്.എ.ഇ.കെ.എം (പി 5)681(viii)/18, 15.09.18 |
| 2002-03 ചെലവ് | കെ.എസ്.എ.ഇ.കെ.എം (പി 5)681(xii)/ 18, 15.09.18 |
| 2003-04 | കെ.എസ്.എ.ഇ.കെ.എം (പി 5)681(xiii)/ 18, 15.09.18 |
| 2004-05 | കെ.എസ്.എ.ഇ.കെ.എം (പി 5)681(xiv)/ 18, 15.09.18 |
| 2005-06 | കെ.എസ്.എ.ഇ.കെ.എം (പി 5)681(xv)/ 18, 15.09.18 |
| 2006-07 | എൽഎഫ്ഇ (പി 5)1315/12, 12.11.12 |
| 2007-08 | എൽഎഫ്ഇ (പി 5) 645/09, 02.05.12 |
| 2008-09 | എൽഎഫ്ഇ (പി 5)1663/11/, 17.07.12 |
| 2009-10, 2010-11, 2011-12 | കെ.എസ്.എ.ഇ.കെ.എം (പി 5)387/17, 17.06.17 |
| 2012-13 | കെ.എസ്.എ.ഇ.കെ.എം (പി 5)1025/16, 12.06.17 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം (പി 5)1125/16, 31.05.17 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം (പി 5)733/17, 25.07.18 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം (പി 5)1648/17, 18.07.18 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം (പി 5)2320/18, 10.07.19 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം (പി 5)1694/18, 07.12.19 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം (പി5)1560/2021, തീയതി.03.03.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം (പി5)1561/2021, തീയതി.03.03.2022 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്